## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1898** | **05-07-2022 - ൽ മറുപടിയ്ക്ക്**

## കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ സ്ഥാപിക്കുന്നതിന് വകുപ്പ് പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിലെ കൂടല്ലൂരിൽ മൃഗസംരക്ഷണ വകുപ്പിന്റെ സബ്സെന്റർ സ്ഥാപിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പുതുക്കിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്; നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതു സംബന്ധിച്ച് എ.എച്ച്.ഡി 5751/2019-സി2 നമ്പർ ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | നെടുമാവ് സബ് സെന്റർ കൂടല്ലൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് കോട്ടയം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി സബ് സെന്ററിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക വൈക്കം ബ്ലോക്കിൽ 24 മണിക്കൂർ സേവനം നൽകിവരുന്ന വെറ്ററിനറി പോളിക്ലിനിക്കിലേക്ക് മാറ്റുകയുണ്ടായി. ഈ സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ കുറവ് കൃത്രിമ ബീജസങ്കലനം നടത്തുന്ന മറ്റു സബ് സെന്റർ കണ്ടെത്തി പുനർവിന്യസിക്കുന്നതിനുള്ള നടപടികളും പുതിയ തസ്തിക സൃഷ്ടിക്കാതെ ജീവനക്കാരുടെ പുനർ വിന്യാസത്തിലൂടെ കൂടല്ലൂർ സബ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | പുതിയ തസ്തിക സൃഷ്ടിക്കാതെ ജീവനക്കാരുടെ പുനർ വിന്യാസത്തിലൂടെ കൂടല്ലൂർ സബ് സെന്റർ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ? | (സി) | നെടുമാവ് സബ് സെന്റർ കൂടല്ലൂരിലേക്ക് മാറ്റി സ്ഥാപിക്കുന്നതിന് കോട്ടയം ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ടി സബ് സെന്ററിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തിക വൈക്കം ബ്ലോക്കിൽ 24 മണിക്കൂർ സേവനം നൽകിവരുന്ന വെറ്ററിനറി പോളിക്ലിനിക്കിലേക്ക് മാറ്റുകയുണ്ടായി. ഈ സാഹചര്യത്തിൽ കോട്ടയം ജില്ലയിൽ കുറവ് കൃത്രിമ ബീജസങ്കലനം നടത്തുന്ന മറ്റു സബ് സെന്റർ കണ്ടെത്തി പുനർവിന്യസിക്കുന്നതിനുള്ള നടപടികളും പുതിയ തസ്തിക സൃഷ്ടിക്കാതെ ജീവനക്കാരുടെ പുനർ വിന്യാസത്തിലൂടെ കൂടല്ലൂർ സബ് സെന്റർ സ്ഥാപിച്ച് |

| | | | |
|---|---|---|---|
| | | | പ്രവർത്തനം ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ